(എ) 1998-99ൽ-ഗുണനിലവാരം പുലർത്താത്ത 231 മരുന്നുകളുടെ വിൽപ്പന തടഞ്ഞിട്ടുണ്ട്. മായം ചേർത്ത മരുന്നൊന്നും കണ്ടെത്തിയിട്ടില്ല.

(ബി)&(സി) ലോകാരോഗ്യസംഘടന ഏതെങ്കിലും മരുന്നിന്റെ ഉപയോഗം നിരോധിച്ചിട്ടുള്ളതായി അറിവില്ല. കേന്ദ്ര സർക്കാർ നിരോധിച്ച ഏതെങ്കിലും മരുന്ന് സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തിൽ വിൽപ്പന നടത്തിയതായി റിപ്പോർട്ടില്ല.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ റിപ്പോർട്ടു ചെയ്യപ്പെടുകയാണെങ്കിൽ ഗവണ്മെന്റ് തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.

26 (*176) തെരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട്

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ചു കേന്ദ്രം നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഗവണ്മെന്റിന് ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഗവണ്മെന്റ് അത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ചു സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാർ ആരാഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ;

(ഇ) ഇക്കാര്യം പൊതു ചർച്ചയ്ക്ക് വിധേയമാക്കി അഭിപ്രായ രൂപീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും അവയുടെ സ്ഥാനാർത്ഥികളുടേയും തെരഞ്ഞെടുപ്പ് ചെലവുകളുടെ ഒരു വിഹിതം സർക്കാർ വഹിക്കണമെന്നും ഇതിലേക്കായി രൂപീകരിക്കുന്ന ഫണ്ടിലേക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 1:1 എന്ന അനുപാതത്തിൽ വോട്ടർ ഒന്നിന് പത്തു രൂപ വീതം പ്രതിവർഷം നൽകണമെന്നുമാണ് കമ്മിറ്റിയുടെ പ്രധാന ശുപാർശ.

(സി)&(ഡി) ഉണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ ഗവണ്മെന്റിന് അധിക സാമ്പത്തിക ബാദ്ധ്യതയുളവാക്കുന്നതായതിനാൽ അവ വിശദമായി പഠിച്ചു വരികയാണ്. അതിനുശേഷമേ അഭിപ്രായ രൂപീകരണം സാധ്യമാവൂ.

(ഇ) വിവിധ രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായം ആരാഞ്ഞതിനു ശേഷമാണ് കമ്മിറ്റി ശുപാർശകൾ കേന്ദ്ര സർക്കാരിനു സമർപ്പിച്ചത്. ഈ ശുപാർശകളിൻമേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായമാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly